അറിയിച്ചിരുന്നു. ഇ.ആർ.പി. ഇംപ്ലിമെന്റേഷൻ നടത്തിയാൽ മാത്രമേ സെൻട്രൽ കൺട്രോൾ യൂണിറ്റിനുള്ള (സി.സി.യു. ബിൽഡിംഗ്) ലൈക്ക കൺകറൻസ് ലഭിക്കുകയുള്ളൂ. 1-4-2014-ലെ എംപവേർഡ് കമ്മിറ്റിയിൽ സി.സി.യു. ബിൽഡിംഗ് വർക്കിനുള്ള അനുമതി ലഭിക്കുകയും ടി പണികൾ താരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. സി.സി.യു ബിൽഡിംഗിനു ചെലവാകുന്ന തുക വായ്പയായി ലഭിക്കണമെങ്കിൽ ഇ.ആർ.പി.യുടെ വർക്ക് ഓർഡർ എത്രയും വേഗം നൽകി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. 12 മാസമാണ് ഇ.ആർ.പി.-യുടെ പൂർത്തീകരണ കാലാവധി. പണികൾ 2015 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുകയും വേണം. ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുന്നതിന് മുൻപ് ടെണ്ടറുകളുടെ സ്വഭാവം അനുസരിച്ച് ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ അനുമതി തേടാറുണ്ട്. സമയബന്ധിതമായി നടപ്പിലാക്കേണ്ട പിന്നീ പദ്ധതികൾക്ക് അതോറിറ്റി ബോർഡ് അംഗീകാരം നൽകി എംപവേർഡ് കമ്മിറ്റിയുടെ റാക്കടിഫിക്കേഷനോടുകൂടിയും നടപ്പിലാക്കിവരുന്നു. പരാമർശ ടെണ്ടർ ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(എഫ്) പ്രസ്തുത സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ അല്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ നേടിയ കമ്പനി നേരിട്ടാണ് പ്രവൃത്തി നടത്തേണ്ടത്.

(ജി) വാട്ടർ അതോറിറ്റിയിൽ ടെണ്ടറുകൾക്ഷണിക്കുമ്പോൾ ചീഫ് സെക്രട്ടറിയുടെ അനുമതി തേടേണ്ടതില്ല.

വൈപ്പിൻ മണ്ഡലത്തിലെ ജലനിധി പദ്ധതി

130 (6835) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഏതുഘട്ടത്തിലാണ് പ്രസ്തുത പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പഞ്ചായത്തിലും പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയുടെ പദ്ധതിയാണ് ആവിഷ്കരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) എറണാകുളം ജില്ലയിലെ എത്ര പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം മണ്ഡലങ്ങളിലെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) ജലനിധി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഒന്നും ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ 8 ജില്ലകളെയാണ് രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ എറണാകുളം ഉൾപ്പെടുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ ഇ.പി.ആർ. പദ്ധതി

131 (6836) ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.പി.ആർ. പദ്ധതിക്ക് ടെണ്ടർ വിളിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് വിളിച്ചുവെന്നറിയിക്കുമോ ;

(ബി) ടെണ്ടർ ഡോക്യുമെന്റിൽ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിൽ എന്തെല്ലാം കാര്യങ്ങളിൽ എന്ന് വിശദമാക്കുമോ ;

(സി) പദ്ധതിക്ക് ഓപ്പൺസോഴ്സ് സോഫ്റ്റ്വെയർ പാടില്ലെന്ന് തീരുമാനിച്ചത് ഏതുതലത്തിലാണ് ; അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും ആഗോളകമ്പനിയുടെ ഡാറ്റാബേസ് മാത്രം ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കിയാൽ മതിയെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണ് ; ഇത് സി.വി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നറിയാമോ ; ഇതുവഴി സർക്കാരിനും വാട്ടർ അതോറിറ്റിക്കും ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത ടെണ്ടർ നടപടിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ടെണ്ടറിൽ എത്ര കമ്പനികൾ പങ്കെടുക്കുകയുണ്ടായി ; കാളിഫൈ ചെയ്ത കമ്പനികൾ ഏതൊക്കെയാണ് ; ഓപ്പൺ സോഴ്സ് കമ്പനികൾ എത്രയുണ്ട് ; വ്യക്തമാക്കുമോ ;

(ജി) ടെണ്ടർ ഇവാല്യൂവേഷൻ നടത്തിയത് എപ്രകാരമാണ് ; സെലക്ട് ചെയ്യപ്പെട്ട കമ്പനി ഏതാണ് ; കോട്ട് ചെയ്യപ്പെട്ട തുക എത്രയാണ് ; വിശദാംശം നൽകുമോ ;

(എച്ച്) ടെണ്ടറിൽ പങ്കെടുത്ത ഓരോ കമ്പനിയും കോട്ട് ചെയ്ത തുക എത്ര വീതമായിരുന്നുവെന്നറിയിക്കുമോ ;

(ഐ) ടെണ്ടർ നടപടി ക്രമങ്ങളിലുണ്ടായതായി പറയപ്പെടുന്ന തിരിമറികളെ സംബന്ധിച്ച് അന്വേഷിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.പി.ആർ. പദ്ധതിക്ക് 9-12-2013-ൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടിക്രമങ്ങളിൽ ഉൾപ്പെട്ട പ്രീ ബിഡ് മീറ്റിംഗിൽ വന്ന നിർദ്ദേശങ്ങളിൽ സ്വീകാര്യമായവ കൂട്ടിച്ചേർത്ത് പ്രസിദ്ധീകരിച്ചതിന് ശേഷമാണ് ടെണ്ടറുകൾ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly